# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 102 08.02.2016 ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ഉമ്മൻചാണ്ടി
ബഹു: മുഖ്യമന്ത്രി

### വിവിധ ഫണ്ടുകൾക്കായി വകയിരുത്തിയ തുക

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സ്വയം തൊഴിൽ സംരംഭകർക്കായി 2015-16 വർഷ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ക്രെഡിറ്റ് ഗ്യാരണ്ടി ഫണ്ട്, സീഡ് ഫണ്ട്, ഏയ്ഞ്ചൽ ഫണ്ട്, ഇൻകുബേഷൻ ഇൻഫ്രാസ്ട്രക്ചർ ചലഞ്ച് ഫണ്ട് എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക എത്ര; വകയിരുത്തിയ ഫണ്ടിൽ നിന്ന് ഇതിനകം പിൻവലിച്ച തുക എത്ര; | സ്വയം തൊഴിൽ സംരംഭകർക്കായി 2015-16 ബഡ്ജറ്റിൽ സീഡ് ഫണ്ട്, ഏയ്ഞ്ചൽ ഫണ്ട്, എന്നിവയ്ക്കായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ ഇതിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (ബി) | ഏതെല്ലാം ഫണ്ടുകൾ ഇതിനകം രൂപീകരിക്കുകയുണ്ടായി; | സീഡ് ഫണ്ട്/ഏയ്ഞ്ചൽ ഫണ്ട്, രൂപീകരിച്ചിട്ടുണ്ട് |
| (സി) | വ്യവസായ ഇൻകുബേറ്ററുകൾ സ്ഥാപിക്കുന്നതിന് വകയിരുത്തപ്പെട്ട തുക എത്ര; പിൻവലിച്ച തുക എത്ര; | വ്യവസായ ഇൻകുബേറ്ററുകൾ സ്ഥാപിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷം 3.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പു വർഷം തുകയൊന്നും ഇതിനായി ചെലവഴിച്ചിട്ടില്ല. |

| | | |
|---|---|---|
| (ഡി) | സർവ്വകലാശാലകളിൽ ഇൻകുബേഷൻ സപ്പോർട്ട് സെൻററുകൾ നടത്തുന്നതിന് മൊത്തം വകയിരുത്തപ്പെട്ട തുക എത്ര; ഇതിനകം പിൻവലിച്ച തുക എത്ര; | സർവ്വകലാശാലകളിൽ ഇൻകുബേഷൻ സപ്പോർട്ട് സെൻററുകൾ സ്ഥാപിക്കുന്നതിനായി കെ.എസ്.ഐ.ഡി.സിയ്ക്ക് വകയിരുത്തിയിട്ടുളള 16.35 കോടി രൂപയിൽ നിന്നും 11.35 കോടി രൂപ KSIDC ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ കുസാറ്റിന് ഇക്കാര്യത്തിനായി 1 കോടി രൂപ നൽകിയിട്ടുണ്ട് |
| (ഇ) | സ്റ്റാർട്ട് അപ്പുകൾക്ക് പെർഫോമൻസ് ലിങ്ക്സ് സപ്പോർട്ട് സ്കീം പദ്ധതി നടപ്പാക്കാൻ വകയിരുത്തിയ തുക എത്ര; ഇതിനകം പിൻവലിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ? | ഈ പദ്ധതിയ്ക്കായി തുക നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടില്ല. ഭരണാനുമതി ഉത്തരവിനനുസൃതമായി തുക വകയിരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ